**ഭരണഭാഷ മാതൃഭാഷ**

**നം. കെ2/68007/2019/കോ.വി.വ**

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
**തീയതി : 10-01-2020**

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് കോളേജുകളിൽ നിന്നും/ എയ്ഡഡ് കോളേജുകളിൽ നിന്നും എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി മുൻ മാസത്തെ റവന്യൂ കളക്ഷന്റെ വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കാത്തതിന്റെ കാരണം അതാതു കോളേജ് പ്രിൻസിപ്പൽമാർ വിശദീകരണം നല്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 26-09-2019- ലെ 3857402/2019/ധന/ബി.ഡബ്ല്യൂ.സി നമ്പർ സർക്കാർ യു.ഒ. നോട്ട്

2. 05-12-2019- ലെ 1220391/ആർ.എം.സി2/2019/ധന നമ്പർ സർക്കാർ കത്ത്.

സൂചന പ്രകാരം റവന്യൂ കളക്ഷന്റെ പുരോഗതി എല്ലാ മാസവും 5-ാം തീയതിയ്ക്കകം മുൻമാസത്തെ റവന്യൂ കളക്ഷന്റെ വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരിപത്രം 21-11-2019- ൽ നിശ്ചിത പ്രോഫോർമ സഹിതം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതാണ്. എന്നാൽ മിക്ക കോളേജുകളിലേയും പ്രിൻസിപ്പൽമാർ ആയത് ലഭ്യമാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. അതിനുള്ള വിശദീകരണവും ഉൾപ്പെടുത്തി അടിയന്തിരമായി ടി റവന്യൂ കളക്ഷന്റെ വിശദവിരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. എല്ലാമാസവും പ്രതിമാസ പത്രിക പത്താം തീയതിയ്ക്ക് മുമ്പായി സർക്കാരിൽ സമർപ്പിക്കേണ്ടതിനാൽ 5-ാം തീയതിയ്ക്കു മുൻപായി Revenue Collection Statement Principal മാർ തന്നിരിക്കണം എന്ന് കർശനം ആയി നിർദ്ദേശിക്കുന്നു.

ഒപ്പ്/-
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. സിസ്റ്റം മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. നടപ്പു ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

Prema B

സൂപ്രണ്ട്